പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *340

25-06-2018 ലെ മറുപടി

## കുപ്പിവെള്ളത്തിന്റെ സ്രോതസ്സിനെക്കുറിച്ച് അന്വേഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.ടി.വി.ഇബ്രാഹിം | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെ സ്രോതസ്സിനെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെ സ്രോതസ്സിനെക്കുറിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഇത്തരം കുപ്പിവെള്ള നിർമ്മാണ യൂണിറ്റിലെ കുപ്പിവെള്ള നിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളായ കിണറുകൾ, കുഴൽക്കിണറുകൾ, മഴവെള്ള സംഭരണികൾ തുടങ്ങിയവയിൽ നിന്നും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുശാസിക്കും പ്രകാരം കുറ്റക്കാരാണെന്ന് കണ്ടെത്തിയ കമ്പനികൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കുപ്പിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ജലവിഭവ വകുപ്പിന്റെ അനുമതി ആവശ്യമാണോ; വെളിപ്പെടുത്തുമോ; | (ബി) | അല്ല. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ വിതരണം ചെയ്യുന്ന കുപ്പിവെള്ളം ഗുണനിലവാരമില്ലാത്തതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം വിപണികളിൽ ലഭ്യമായ കുപ്പിവെള്ളം ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കിയതിൽ പല കമ്പനികളുടെയും ഉൽപ്പന്നങ്ങൾ നിശ്ചിത ഗുണനിലവാരമില്ലാത്തവയാണെന്ന് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. |
| (ഡി) | കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജലവിഭവ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ഡി) | സ്വകാര്യ കമ്പനികൾ വിൽക്കുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജലവിഭവ വകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KIIDC) കുപ്പിവെള്ളം "ഹില്ലി അക്വാ" ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് സർട്ടിഫിക്കറ്റ്, ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാൻഡേർഡ് ഓഫ് ഇൻഡ്യയുടെ സർട്ടിഫിക്കറ്റ് മുതലായവ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാരവും ഉറപ്പു വരുത്തി വിതരണം ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**